വാൻഗോഗിന്റെ അൾത്താര

1 മേയ് 2023

# വിജ്ഞാനകൈരളി

വില ₹ 25
VIJNANAKAIRALI Monthly
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## സ്വാതന്ത്ര്യം കൊടുക്കുന്ന സമൂഹം

മലയാളി യുവതികളുടെ ഉദാരലിംഗവിവേചന അനുഭവങ്ങൾ

**ഉച്ചാർ**
നെല്ല് പെണ്ണ് തിരളുന്നതിന്റെ ഗോത്രാഹ്ലാദങ്ങളും നരവംശശാസ്ത്ര വിജ്ഞാനങ്ങളും

വയോജനങ്ങളുടെ മാനസികോല്ലാസം സംഗീതപരിചരണത്തിലൂടെ

9 772349 105005

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

മേയ് 2023 വാല്യം 56 ലക്കം 5 വില ₹ 25, തിരുവനന്തപുരം

May 2023 Vol 56 No 5 Price ₹ 25, Thiruvananthapuram




എൻ.വി. കൃഷ്ണവാരിയർ
സ്ഥാപക പത്രാധിപർ


'സ്വാതന്ത്ര്യം കൊട്ടുക്കുന്ന സമൂഹം' മലയാളി യുവതികളുടെ ഉദാരലിംഗവിവേചന അനുഭവങ്ങൾ
ഗോഡ്‌വിൻ എസ്.കെ., പാർവതി ആർ., മേഘ ബി., ശ്വേത മുരളി 10

മതജീവിതവും ആൺകോയ്മയും കെ.ടിയുടെ ഇത് ഭൂമിയാണ് എന്ന നാടകത്തിൽ
ഡോ. ശോഭിത ജോയ് 18

വെളിച്ചപ്പെടുന്നവരുടെ ലോകം നിർമാല്യത്തെ വീണ്ടും വായിക്കുമ്പോൾ
പി.എസ്. രാധാകൃഷ്ണൻ 30

സിനിമയിലെ ആണത്തവ്യവഹാരവും വാഹനങ്ങളും
ഡോ. സിബു മോടയിൽ 34

മാടായിക്കാവിലെ മാരിത്തെയ്യങ്ങൾ
ഡോ. സിന്ധു. കെ.വി. 40

സ്ഥലനാമചരിത്രകാരനായ ചട്ടമ്പിസ്വാമികൾ
പാർവതി നായർ എൽ. 52

വർത്തമാനകാലത്തെ രോഗാതുരമായ പ്രണയവൈറസ്
വി. അനീഷ്കുമാർ 55

കേരളപാണിനിയുടെ ജനാധിപത്യസങ്കൽപ്പനം
ഡോ. ഷിജു കെ. 65

ബഷീറിന്റെ നീലവെളിച്ചവും ലോകസാഹിത്യത്തിലെ മാജിക്കൽ റിയലിസവും
മുഹമ്മദ്റാഫി എൻ.വി. 73

ഒ വി വിജയന്റെ 'എട്ടുകാലി' (കഥ) ഒരു മനശ്ശാസ്ത്ര അവലോകനം
ശോണിമ കെ.പി.ആർ. 78



വയോജനങ്ങളുടെ മാനസികോല്ലാസം സംഗീതപരിചരണത്തിലൂടെ
ശ്രുതി എ
05
സംഗീതപരിചരണത്തിലൂടെയുള്ള ചികിത്സാക്രമം ചർച്ച ചെയ്യുന്ന ലേഖനം



ആദിവാസി വികസന നയം ഒരന്വേഷണം
ഡോ. അഭിലാഷ് ടി.എസ്
23
ആദിവാസി വികസന നയത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്ന ലേഖനം



ഉച്ചാർ; നെല്ല് പെണ്ണ് തിരളുന്നതിന്റെ ഗോത്രാഹ്ലാദങ്ങളും നരവംശശാസ്ത്ര വിജ്ഞാനങ്ങളും
ഡോ. ഇന്ദു മേനോൻ
45



വാൻഗോഗിന്റെ അൾത്താര
എൽ. തോമസ്കുട്ടി
60
വിൻസെന്റ് വാൻ ഗോഗിന്റെ കലാജീവിതത്തെക്കുറിച്ചുള്ള പഠനം



വിജ്ഞാനകൈരളിയിലെ ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഉത്തരവാദിത്വം ലേഖകർക്കായിരിക്കും.
അവ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഗവൺമെന്റിന്റെയോ ഔദ്യോഗികാഭിപ്രായമായിക്കൊള്ളണമെന്നില്ല. - എഡിറ്റർ



ചീഫ് എഡിറ്റർ : 0471 2316306
എഡിറ്റർ : 8547071569
ഇ മെയിൽ editorvijnanakairali@gmail.com
harivkairali@gmail.com
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നാളന്ദ, തിരുവനന്തപുരം 695 003
സർക്കുലേഷൻ മാനേജർ : 9447762255 vkcirculation@gmail.com

www.keralabhashainstitute.org




# മാടായിക്കാവിലെ മാരിത്തെയ്യങ്ങൾ

ഡോ. സിസ്റ്റു.കെ.വി

തുലാം പത്തിനു തുടങ്ങുന്ന തെയ്യക്കാലം ഇടവപ്പാതിയോടെ അവസാനിക്കുമെങ്കിലും കർക്കടക മാസത്തിലെത്തുന്ന ആടിവേടനും മാരിത്തെയ്യവുമെല്ലാം വടക്കൻ തെയ്യക്കലണ്ടറിലെ കൗതുകമുണർത്തുന്ന സാന്നിധ്യങ്ങളാണ്.

ഒരു ദേശത്തിന്റെ ചരിത്രസംസ്കൃതികളും വാമൊഴിവഴക്കങ്ങളും നിർണയിക്കുന്നതിന് ആ ദേശത്തിന്റെ ചരിത്രത്തെപ്പറ്റി അറിഞ്ഞിരിക്കേണ്ടത് ഏറ്റവും പ്രധാനമാണ്. ചരിത്രാതീതകാലം മുതൽ മനുഷ്യനും പ്രകൃതിയും രൂപപ്പെടുത്തിയ നിർമിതികൾ ദേശപൈതൃകത്തിന്റെ ഭാഗമാണ്. ഉത്തരമലബാറിന്റെ ഒരു കാലഘട്ടത്തിന്റെ ചരിത്രം മാടായിക്കാവുമായും പരിസരങ്ങളുമായും ബന്ധപ്പെട്ടിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അതിമനോഹരമായ ഒരു കുന്നിൻപ്രദേശമാണ് മാടായിപ്പാറ. ഏകദേശം 600 ഏക്കറോളം പരന്നുകിടക്കുന്ന പ്രകൃതിഭംഗിയും ജൈവവൈവിധ്യങ്ങളും നിറഞ്ഞ പ്രദേശം. പ്രാചീനകാലം മുതൽ നാവികർക്ക് വഴികാട്ടിയായ ഏഴിമലയ്ക്ക് തൊട്ടുകിഴക്കുള്ള പ്രദേശം. ഏഴിമലയ്ക്കു ചുറ്റും കടലായിരുന്നുവെന്ന് കേരളോൽപ്പത്തിയിൽ പരാമർശമുണ്ട്. വെള്ളംനീങ്ങി ഉയർന്നുവന്ന കരഭാഗമാണ് മാട്. അങ്ങനെ മാടായസ്ഥലം, മാടായി. മൂഷകരാജവംശത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്ന മാടായി കേരളചരിത്രത്തിന്റെ തന്നെ ഭാഗമാകുന്നുണ്ട്. ചിറയ്ക്കൽ കോവിലകത്തിന്റെ കുടുംബപരദേവതാ ക്ഷേത്രമായ മാടായിക്കാവും അതിന്റെ പുരാവൃത്തങ്ങളിൽ നിറയുന്ന വടുകുന്ദക്ഷേത്രവും മൂഷിക രാജവംശത്തിന്റെ സ്ഥാനാരോഹണച്ചടങ്ങ് നടന്നിരുന്ന മാടായിക്കോട്ടയും കൊട്ടാരവും മാടായിദേശത്താണ് സ്ഥിതിചെയ്തിരുന്നത്.

പൂരം, കലശോത്സവം, മാരിത്തെയ്യം, പുത്തരി, നിറ എന്നിവ കൂടാതെ കൂത്ത്, പൂരക്കളി തുടങ്ങിയവയും അനുഷ്ഠാനത്തിന്റെ ഭാഗമായി മാടായിലും പരിസരപ്രദേശത്തും കാലികമായി നടന്നുവരുന്നു. തുലാം പത്തിനു തുടങ്ങുന്ന തെയ്യക്കാലം ഇടവപ്പാതിയോടെ അവസാനിക്കുമെങ്കിലും കർക്കടകമാസത്തിലെത്തുന്ന ആടിവേടനും മാരിത്തെയ്യവുമെല്ലാം വടക്കൻ തെയ്യക്കലണ്ടറിലെ കൗതുകമുണർത്തുന്ന സാന്നിധ്യങ്ങളാണ്.